**മേലെഴുത്ത് നമ്പർ: DTETVM/5237/2025-EA2 (EA) തീയതി:25-06-2025**

---

*സൂചന : സ.ഉ.(സാധാ)നം.723/2025/HEDN തീയതി, 05-06-2025*

സൂചനയിലെ സർക്കാർ ഉത്തരവ് വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളുടെയും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലെ എല്ലാ വിഭാഗത്തിന്റെയും അറിവിലേക്കായി നൽകുന്നു.

**JAYAPRAKASH P**

**DIRECTOR(INCHARGE)**

Signed by
Jayaprakash P
Date: 25-06-2025 15:53:09

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം -കോളേജ് വിദ്യാഭ്യാസ വകുപ്പ് / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.723/2025/HEDN തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-
1. 04.07.2018 തീയതിയിലെ സ.ഉ(സാധാ)നം.1293/2018/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.01.2025 തീയതിയിലെ ബി3/31154/2021/DCE നമ്പർ കത്ത്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പ് / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം പരാമർശം (1) ഉത്തരവ് പ്രകാരം യു.ജി.സി യോഗ്യത ഉള്ളവർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 1750/- രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43,750/- രൂപയും, യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 1600/- രൂപ നിരക്കിൽ പ്രതിമാസം പരമാവധി 40,000/- രൂപയും ആക്കി പരിഷ്കരിച്ചിരുന്നു.

2. എന്നാൽ 2018 - ൽ നിലവിൽ വന്ന വേതന വർദ്ധനവ് കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അതിഥി അധ്യാപകർ സർക്കാരിൽ നേരിട്ടും, നവ കേരളസദസ്സ് മുഖേനെയും അപേക്ഷകൾ സമർപ്പിച്ചിരുന്നു. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അതിഥി അധ്യാപകരുടെ വേതനം പരിഷ്കരിക്കുന്ന വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോളേജ് വിദ്യാഭ്യാസ വകുപ്പ് / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം യു.ജി.സി യോഗ്യത ഉള്ള അതിഥി അധ്യാപകർക്ക് പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയായും, യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അധ്യാപകർക്ക് പ്രതിദിനം 1800/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയായും പുതുക്കി നിർണ്ണയിച്ച് പരാമർശം (1) ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYAMOHAN

സ്പെഷ്യൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസം (സി)) വകുപ്പ് (2813062/EDN-C4/207/2024-FIN, തീയതി 09.04.2025 പ്രകാരം)
ഉന്നത വിദ്യാഭ്യാസ (സി), (ഡി), (ജി) വകുപ്പുകൾ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/275/2023-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Asoka Kumari. L
Date: 06-06-2025 11:03:16
സെക്ഷൻ ഓഫീസർ